പതിനാലാം കേരള നിയമ സഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4720 14.11.2019- ൽ മറുപടിക്ക്

**കാലടി-കല്ലടിമുഖം പാലവും അപ്രോച്ച് റോഡും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ. രാജഗോപാൽ: | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) നേമം നിയോജകണ്ഡലത്തിലെ കാലടി-കല്ലടിമുഖം പാലം പണിയുന്നതിനായി ഭരണാനുമതി ലഭിയ്ക്കുകയും 5 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പാലം പണിയ്ക്ക് കാലതാമസം ഉണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ; | (എ) നേമം നിയോജക മണ്ഡലത്തിലെ കാലടി - കല്ലടിമുഖം പാലം നിർമ്മാണത്തിനായി 5 കോടി രൂപയുടെ ഭരണാനുമതി നൽകിയത് 14/07/2009-ലാണ്. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചില്ല. |
| (ബി) പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയും ഭരണാനുമതി ലഭിയ്ക്കുകയും 2 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടും പണി തുടങ്ങുന്നതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;<br>(സി) പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി എത്രയും വേഗം ആരംഭിയ്ക്കുവാൻ അടിയന്തര നടപടി സ്വീകരിയ്ക്കുമോ? | (ബി) & (സി) പാലത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുകയോ, അപ്രോച്ച് റോഡിനായുള്ള ഭരണാനുമതി നൽകുകയോ ചെയ്തിട്ടില്ല. ഭൂമി ഏറ്റെടുക്കുന്നതിനായി 2 കോടി രൂപ സർക്കാരിലേക്ക് ആവശ്യപ്പെട്ടിരുന്നു. എന്നാൽ പാലം നിർമ്മാണത്തിന് നൽകിയ ഭരണാനുമതിയുടെ കാലപരിധി അവസാനിച്ചതിനാൽ പാലം നിർമ്മാണ പ്രവൃത്തിക്കുള്ള പുതുക്കിയ എസ്റ്റിമേറ്റ് (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) സർക്കാർ ആവശ്യപ്പെടുകയും ആയതിൻ പ്രകാരം 923 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് (ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ) തയ്യാറാക്കിയിട്ടുണ്ട്. എങ്കിലും ഭരണാനുമതി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ